"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

ഉ.ഭ.പ.വ – വിവിധ സർക്കാർ വകുപ്പുകളിലെ ഡ്രൈവർ തസ്തിക 'ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവായത് - ഉത്തരവിന്റെ പ്രാബല്യത്തീയതി സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.7/2022/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 18-04-2023

പരാമർശം:- 1. 19.11.2015-ലെ സ.ഉ(എം.എസ്)നം.29/2015/ഉ.ഭ.പ.വ.
2. 09.05.2016-ലെ 6221/ആർ.1/16/ഉ.ഭ.പ.വ നമ്പർ സർക്കാർ കത്ത്.
3. കേരള പബ്ലിക് സർവീസ് കമ്മിഷന്റെ 07/07/2022 ലെ A5-1/3/2019-KPSC-Dy നമ്പർ കത്ത്.

## ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ ഡ്രൈവർ തസ്തിക 'ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് എന്ന് പുനർനാമകരണം ചെയ്തുകൊണ്ടും ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിക്ഷിപ്തമായ ചുമതലകൾകൂടി നിർവഹിക്കാൻ ബാധ്യസ്ഥരായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പ്രസ്തുത ഉത്തരവ് തീയതിയായ 19.11.2015-ന് മുമ്പ് ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥരും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ചുമതലകൾ നിർവഹിക്കണമോ എന്നത് സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നതായും വ്യവഹാരങ്ങളും തർക്കങ്ങളും ഉണ്ടായിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയുടെ W.A No.505/11 എന്ന കേസിലെ 26/06/2012 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായ കമ്മിറ്റി ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് എന്ന പുതിയ ഒരു തസ്തിക സൃഷ്ടിക്കുന്നതിനും ഭാവിയിൽ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനങ്ങൾ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയിൽ നടത്തുന്നതിനും കാലക്രമേണ ടി ലക്ഷ്യം കൈവരിക്കേണ്ടതാണെന്നും ശിപാർശ ചെയ്തിരുന്നു. ടി ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഡ്രൈവർ തസ്തികയുടെ പേര് ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ്

എന്ന് പുനർ നാമകരണം ചെയ്തുകൊണ്ട് പരാമർശം (1) ഉത്തരവായിട്ടുള്ളത്. ടി ഉത്തരവിൽ ഉത്തരവ് തീയതിയായ 19.11.2015-ന ശേഷമുള്ള വിജ്ഞാപനങ്ങൾക്ക മാത്രമേ ഇത് ബാധകമായിരിക്കുകയുള്ളൂ എന്ന് വ്യവസ്ഥയും ചെയ്തു. എന്നാൽ ടി ഉത്തരവിനനുസൃതമായി ഡ്രൈവർ തസ്തികയിലെ വിശേഷാൽ ചട്ടം ഭേദഗതി ചെയ്ത് ഉത്തരവായിരുന്നില്ല. പരാമർശം (1) ഉത്തരവിന് പിൻകാല പ്രാബല്യമാണുള്ളതെന്ന് പരാമർശം (3) പ്രകാരം പി.എസ്.സി യും ഉപദേശം നൽകിയിരുന്നു. കൂടാതെ റിട്ട് അപ്പീലിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച കമ്മിറ്റിയും അന്ന് നിലവിലുള്ള ഡ്രൈവർ തസ്തിക ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി കാലക്രമേണ മാറ്റണമെന്നാണ് ശിപാർശ ചെയ്തിരുന്നത്. ആകയാൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന തർക്കങ്ങളും വ്യവഹാരങ്ങളും ഒഴിവാക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു.

4. മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവിന്റെ പ്രാബല്യ തീയതിയായ 19.11.2015-ന മുമ്പ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ഡ്രൈവർമാർ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജോലി നിർവ്വഹിക്കേണ്ടതില്ലായെന്ന് സ്പഷ്ടമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ പി**
**ജോയിന്റ് സെക്രട്ടറി**

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ